I/150262/2024

"ഭരണഭാഷ – മാതൃഭാഷ"

SOCIAL JUSTICE DEPARTMENT

## സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(ഹാജർ : എച്ച്.ദിനേശൻ IAS)**

തിരുവനന്തപുരം

ഉത്തരവ് നം:SJD/2208/2024-E5 തീയതി: 12-03-2024

വിഷയം :- സാ.നീ.വ – ജീവനക്കാര്യം – സാമൂഹ്യ നീതി ഡയറക്ടറേറ്റിലെ ഉയർന്ന ഉദ്യോഗസ്ഥർക്ക് സംസ്ഥാന/ജില്ലാതല മോണിറ്ററിംഗ് ചുമതല നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 05/03/2024-ൽ നടന്ന മീറ്റിംഗിലെ തീരുമാനം.

സാമൂഹ്യ നീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ജില്ലകളിലെ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനായി, സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറേറ്റിൽ അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ എന്നീ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ഉയർന്ന ഉദ്യോഗസ്ഥർക്ക് സംസ്ഥാന / ജില്ലാതല മോണിറ്ററിംഗ് ചുമതല നൽകുന്നതിന് സൂചന പ്രകാരം തീരുമാനിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിൽ അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ എന്നീ തസ്തികകളിൽ ജോലി നോക്കുന്ന ഉയർന്ന ഉദ്യോഗസ്ഥർക്ക് സംസ്ഥാന, ജില്ലാതല മോണിറ്ററിംഗ് ചുമതല ചുവടെ വിവരിക്കും വിധം നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | തസ്തിക | ചുമതല നൽകുന്ന ജില്ല | ചുമതല |
|---|---|---|---|
| 1. | അഡീഷണൽ ഡയറക്ടർ | 1.തിരുവനന്തപുരം.<br>2.ഇടുക്കി.<br>3.കോഴിക്കോട്. | 1.സംസ്ഥാന വ്യാപകമായി വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളുടെയും മേൽനോട്ടം നിർവ്വഹിക്കുക.<br>2.ചുമതല നൽകിയിട്ടുള്ള ജില്ലകളുടെ എല്ലാ പ്രവർത്തനങ്ങളുടെയും മേൽനോട്ടം നിർവ്വഹിക്കുക. |
| 2. | ജോയിന്റ് ഡയറക്ടർ | 1.കൊല്ലം<br>2.എറണാകുളം<br>3.വയനാട് | 1.സംസ്ഥാന വ്യാപകമായി ഭിന്നശേഷി പ്രവർത്തനങ്ങളുടെ മേൽ നോട്ടം നിർവ്വഹിക്കുക.<br>2ചുമതല നൽകിയിട്ടുള്ള ജില്ലകളുടെ എല്ലാ പ്രവർത്തനങ്ങളുടെയും മേൽനോട്ടം നിർവ്വഹിക്കുക. |

I/150262/2024

| | | | |
|---|---|---|---|
| 3. | അസിസ്റ്റന്റ് ഡയറക്ടർ (പ്ലാനിംഗ്, എഫ് സെക്ഷൻ) | 1.പത്തനംതിട്ട<br>2.തൃശൂർ<br>3.കണ്ണൂർ | ചുമതല നൽകിയിട്ടുള്ള ജില്ലകളുടെ എല്ലാ പ്രവർത്തനങ്ങളുടെയും മേൽനോട്ടം നിർവ്വഹിക്കുക. |
| 4. | അസിസ്റ്റന്റ് ഡയറക്ടർ (ജി സെക്ഷൻ) | 1.കോട്ടയം<br>2.പാലക്കാട്<br>3.കാസർഗോഡ് | ചുമതല നൽകിയിട്ടുള്ള ജില്ലകളുടെ എല്ലാ പ്രവർത്തനങ്ങളുടെയും മേൽനോട്ടം നിർവ്വഹിക്കുക. |
| 5. | അസിസ്റ്റന്റ് ഡയറക്ടർ (പ്രൊബേഷൻ, ട്രാൻസ് ജെന്റർ) | 1.ആലപ്പുഴ<br>2.മലപ്പുറം | ചുമതല നൽകിയിട്ടുള്ള ജില്ലകളുടെ എല്ലാ പ്രവർത്തനങ്ങളുടെയും മേൽനോട്ടം നിർവ്വഹിക്കുക. |

മേൽ ചുമതലകൾ നൽകിയിട്ടുള്ള ഉദ്യോഗസ്ഥർ, കൃത്യമായ ഇടവേളകളിൽ ജില്ലയിലെ പദ്ധതി നിർവഹണ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും, പ്ലാൻ ഫണ്ടിന്റെ കൃത്യമായ ചെലവ് ഉറപ്പാക്കേണ്ടതും, പദ്ധതി നിർവ്വഹണത്തിൽ എന്തെങ്കിലും പ്രശ്നങ്ങൾ കാണുകയാണെങ്കിൽ ആയത് പഠിച്ച് പരിഹാരങ്ങൾ നിർദ്ദേശിക്കേണ്ടതുമാണ്.

**H DINESHAN**

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്.

പകർപ്പ് :

1. വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്.
2. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.
3. ഇ1 മുതൽ ഇ7 വരെ.
4. ഡയറക്ടറുടെ സി.എ.
5. സ്റ്റോക്ക് ഫയൽ/സ്പെയർ.

Signed by H Dineshan
Date: 12-03-2024 13:23:52